ശിഹാബ് പൂക്കോട്ടൂർ




# മുസ്‌ലിം പ്രതിനിധാനത്തിന്റെ രോഗാവസ്ഥകൾ

**ഇന്ത്യയിൽ** ഏറെ വിവാദങ്ങൾക്ക് വഴിവെച്ച സിനിമയാണ് മൈ നയിം ഈസ് ഖാൻ. ഐ.പി.എൽ ക്രിക്കറ്റിൽ പാക് കളിക്കാരുമായി ബന്ധപ്പെട്ട് ഷാറൂഖ് ഖാനും സവർണ സേനാ നേതാവ് ബാൽതാക്കറെയും തമ്മിൽ പരസ്യമായ പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുന്ന സമയത്താണ് ഈ സിനിമ റിലീസ് ചെയ്യുന്നത്. മുസ്‌ലിം എന്ന നിലക്ക് ശാരീരികമായി അസാധാരണമായ അനുഭവങ്ങൾക്ക് വിധേയനായ വ്യക്തി കൂടിയാണ് ഷാറൂഖ് ഖാൻ. നമ്മുടെ സിനിമ രംഗത്ത് നടക്കുന്ന വിഴുപ്പലക്കൽ വിവാദങ്ങളുടെ അർഥശൂന്യതയിൽ നിന്നും ഏറെ അകലെയാണ് കൃത്യമായ രാഷ്ട്രീയ ബോധത്തോടെ നടത്തുന്ന ബോളിവുഡ് വിവാദങ്ങൾ. അമേരിക്കൻ സന്ദർശന വേളയിൽ മുസ്‌ലിം ആയതിന്റെ പേരിൽ മാത്രം അടിവസ്ത്രം അഴിക്കേണ്ടിവന്ന പ്രശസ്തരായ ആളുകളായിരുന്നു എ.പി.ജെ അബ്ദുൽ കലാം, ഷാറൂഖ് ഖാൻ, മമ്മുട്ടി എന്നിവർ. കൂട്ടത്തിൽ പേരിനൊരു അറബി രുചിയുള്ളതിനാൽ തമിഴ് ബ്രാഹ്മണനായ കമൽ ഹസൻ കൂടി ഉൾപ്പെട്ടിട്ടുണ്ടായിരുന്നു. ഈ തിക്താനുഭവങ്ങളിൽ നിന്നും വികസിപ്പിച്ചെടുത്ത ഒരാശയമായിരുന്നു മൈ നയിം ഈസ് ഖാൻ.

ഒരു വ്യത്യസ്തമായ വഴിയെന്ന നിലയിൽ (ബോളിവുഡിൽ) ചില മാറ്റങ്ങൾക്ക് സംവിധായകൻ കരൺ ജൗഹർ ശ്രമിച്ചിട്ടുണ്ട്. പക്ഷേ പരമ്പാരഗതമായ വാർപ്പുമാതൃകകളെ കുടഞ്ഞെറിയാൻ

കഴിയാത്തവിധം പിടിമുറുക്കിയ ആധിപത്യ പൊതുബോധമെന്ന അടിച്ചേൽപ്പിക്കപ്പെട്ട പരിമിതിക്കകത്തുതന്നെയാണ് ഈ സിനിമയും സ്ഥിതിചെയ്യുന്നത്. 'ഞാനൊരു ഭീകരവാദിയല്ല' എന്ന പ്രഖ്യാപനം ഇതിനു തെളിവാണ്. ഇത് നിരന്തരമായി തെളിയിച്ചുകൊണ്ടുമാത്രമാണ് ഒരു മുസ്‌ലിമിന് പൊതുബോധത്തെ തൃപ്തിപ്പെടുത്താൻ കഴിയുകയുള്ളൂവെന്ന് തന്നെയാണ് ഈ സിനിമ വ്യക്തമാക്കുന്നത്. ഞാൻ ഭീകരവാദിയല്ല എന്ന തെളിയിക്കലിൽ മറ്റുള്ളവർ അങ്ങനെയാവാമെന്ന ധ്വനിയിൽ നിന്നാണ് ഈ സിനിമയും പൊതുബോധത്തിലേക്ക് പാലം നിർമിച്ചിട്ടുള്ളത്.

സാധാരണ ഒരു മുസ്‌ലിമിന് ഭീകരവാദിയാകാതിരിക്കാൻ കഴിയുകയില്ലെന്നും അഥവാ ഭീകരവാദിയാകാതിരിക്കണമെങ്കിൽ അയാൾ മാനസിക, ശാരീരിക വൈകല്യങ്ങൾക്കോ രോഗങ്ങൾക്കോ അടിപ്പെട്ടിരിക്കണമെന്നുള്ള പൊതു കാഴ്ചപ്പാടു തന്നെയാണ് ഇത് മുന്നോട്ട് വെക്കുന്നത്. റിസ്‌വാൻ ഖാന് (ഷാറൂഖ്) ആസ്പർഗ്രേസ് സിൻഡ്രോം എന്ന രോഗം ബാധിച്ചതുകൊണ്ട് മാത്രമാണ് അയാൾക്ക് നല്ല മുസ്‌ലിമാവാൻ സാധിച്ചത്. ആരോഗ്യമുള്ള (Normal) ഒരു മുസ്‌ലിമിന് നല്ല മുസ്‌ലിമാവാൻ കഴിയുകയില്ല. റിസ്‌വാൻ ഖാനെ കുത്തിപ്പരിക്കേൽപ്പിക്കുന്നതും പള്ളിയിൽ 'തീവ്രവാദ ക്ലാസുകൾ' നടത്തുന്നതും നോർമലായ മുസ്‌ലിംകളാണ്.

ജൈവശാസ്ത്രപരമായ ഉന്മൂലനത്തിലൂടെയും അടിച്ചമർത്തലിലൂടെയുമാണ് ഈ പ്രതിനിധാനങ്ങൾ മെരുക്കപ്പെടുന്നത്. ജൈവശാസ്ത്രപരമായ ബലഹീനതകൾ വഹിക്കുന്നതോടൊപ്പം തന്നെ നിരവധി സന്തുലിത (Balance)മായ ഇടപാടുകളിലൂടെയാണ് റിസ്‌വാൻ ഖാൻ എന്ന കഥാപാത്രം തന്റെ അസാധാരണമായ ജീവിതഗതിയെ നിയന്ത്രിച്ച് നിർത്തുന്നത്. മന്ദിര (കാജോൾ) എന്ന ഉയർന്ന ജാതിക്കാരിയെ വിവാഹം കഴിക്കുന്നതിലൂടെയാണ് ഈ സെക്യുലർ സന്തുലിതത്വം പാലിക്കപ്പെടുന്നത്. മതപരമായ ജീവിതത്തെ ചില സമയങ്ങളിൽ കോമാളിത്തരമായി ചിത്രീകരിച്ചുകൊണ്ടും ഇത് നിലനിർത്തപ്പെടുന്നുണ്ട്. മുമ്പ് സിനിമയിൽ നല്ല മുസ്‌ലിമിന് ആരോഗ്യമുള്ളതോടൊപ്പം, ചില രാജിയാവലുകൾ ചേർത്ത് അയാളെ നേരെയാക്കാനുള്ള ശ്രമങ്ങളായിരുന്നു നടന്നിരുന്നത്. ഹിന്ദുവായ ഉയർന്ന ജാതിയിൽപെട്ട ഒരു സ്ത്രീയെ വിവാഹം കഴിക്കുക, മുസ്‌ലിംകളെ ചീത്ത പറയുക തുടങ്ങി നിരവധി ചാഞ്ചാട്ടങ്ങളിലൂടെയാവും മുസ്‌ലിം കഥാപാത്രം തന്റെ 'നന്മ' നിലനിർത്തുക. എന്നാൽ നല്ല മുസ്‌ലിമിന് ബയോളജിക്കലായി തന്നെ ന്യൂനതകൾ നിർമിക്കുകയും അതുകൊണ്ട് മാത്രം അയാൾക്ക് ആക്രമണോത്സുക സ്വഭാവം പ്രകടിപ്പിക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നു എന്ന രീതിയിലാണ് മുസ്‌ലിം/ദലിത് കഥാപാത്രങ്ങളെ ഇപ്പോൾ രൂപപ്പെടുത്തുന്നത്. എങ്കിൽ പോലും ചില സമയങ്ങളിൽ വയലന്റ് ആകാനുള്ള സാധ്യതകൾ ഉണ്ടാവുമ്പോൾ അതിനെയും നിയന്ത്രിച്ച് നിർത്തുക എന്ന ചിന്തയിൽ നിന്നാണ് റിസ്‌വാൻ ഖാന്റെ കൂടെ മന്ദിര എന്ന കഥാപാത്രം ജീവിത പങ്കാളിയാവുന്നത്. നമ്മുടെ സിനിമ വളരെയധികം ക്രൂരമായ രീതിയിലാണ് ഇസ്‌ലാമികമായ രാഷ്ട്രീയ വശങ്ങളെ കൈയടക്കിവെച്ചിരിക്കുന്നത്. നല്ല (ജൈവശാസ്ത്രപരമായി) മുസ്‌ലിം, ചീത്ത (കഥാപാത്രം) മുസ്‌ലിമായും ചീത്ത (ജൈവശാസ്ത്രപരമായി) മുസ്‌ലിം നല്ല മുസ്‌ലിം കഥാപാത്രവുമായും ചിത്രീകരിക്കപ്പെടുന്നു. വംശീയമായ ഉന്മൂലനത്തിന് പാകപ്പെടുത്തപ്പെട്ട ഒരു പ്രത്യയശാസ്ത്രമായിട്ടാണ് ഇത്തരം സിനിമകൾ പ്രവർത്തിക്കുന്നത്.

## മുസ്‌ലിമിന്റെ മൂലധനം

മലയാളത്തിൽ രഞ്ജിത്ത് സംവിധാനം ചെയ്ത ടി.പി രാജീവിന്റെ 'പാലേരി മാണിക്യം ഒരു പാതിരാ കൊലപാതകത്തിന്റെ കഥ' എന്ന സിനിമയിലും ഈ യുക്തി പ്രവർത്തിക്കുന്നതായി കാണാം. നല്ല മുസ്‌ലിമായി ചിത്രീകരിക്കുന്നത് മന്ത്രവാദ ചികിത്സക്കാരനായ ഒരു മുസ്‌ലിയാരെയാണ്. ഇദ്ദേഹം ശാരീരിക വൈകല്യമുള്ള വ്യക്തിയാണ്. അതുകൊണ്ട് തന്നെ 'നല്ല' എന്ന ഇമേജ് ലഭിക്കുന്നു. അദ്ദേഹമാണ് വേലായുധൻ എന്ന കുറ്റവാളിയെ സമർഥമായി കെണിയിൽ അകപ്പെടുത്തുന്നത്. എന്നാൽ ചീത്ത മുസ്‌ലിമായി ചിത്രീകരിക്കുന്നത് ശാരീരികമായി ദൃഢഗാത്രനായ അഹ്മദ് ഹാജി (മമ്മൂട്ടി) എന്ന കഥാപാത്രത്തെയാണ്. മുസ്‌ലിം കഥാപാത്രത്തിന്റെ രോഗ/ആരോഗ്യ അവസ്ഥകളിലൂടെയാണ് നല്ലതും ചീത്തയുമായ നിർമിതികൾ രൂപപ്പെടുന്നത്. മമ്മൂട്ടി അവതരിപ്പിക്കുന്ന മൂന്ന് കഥാപാത്രങ്ങളും ആരോഗ്യമുള്ളവരായതുകൊണ്ട് അവരിൽ ചീത്ത മുസ്‌ലിമിന്റെ നിർമിതികൾ തന്നെയാണ് നടത്തിയിട്ടുള്ളത്. അഹ്മദ് ഹാജിയുടെ മകൻ  ഖാലിദ് അഹ്മദാണ് മാണിക്യമെന്ന സ്ത്രീയെ കൊലപ്പെടുത്തിയത്. പാതിമുസ്‌ലിമായ ഹരിദാസ് അഹ്മദ് അന്യന്റെ ഭാര്യയെ കൂടെ പൊറുപ്പിക്കുന്നവനാണ്. മൂന്ന് ശക്തരായ മുസ്‌ലിം കഥാപാത്രങ്ങളിലും നെഗറ്റീവിറ്റിയാണ് സന്നിവേശിപ്പിച്ചിട്ടു

ള്ളത്.

ജൈവികവും സ്വാഭാവികവുമായ ഉണർവുകളെ ക്രൂരമായ ആവിഷ്കാരങ്ങളിലൂടെയാണ് അപരവത്കരണത്തിന് വിധേയമാക്കുന്നത്. പാലേരിമാണിക്യത്തിൽ തന്നെ ഖാലിദ് അഹ്മദിന്റെ സ്കോളർഷിപ്പിനെ (ജ്ഞാനാധികാരം) ചോദ്യംചെയ്യുകയും കുറ്റകൃത്യങ്ങളുടെ തുടർച്ചകൾ മുസ്‌ലിം സമുദായത്തിന്റെ പുതിയ തലമുറയിൽ കൂടി ചാർത്തുകയും ചെയ്യുന്നുണ്ട്. അലീഗഢിൽ (മലയാള സിനിമക്ക് അലീഗഢ് ഭീകരവാദത്തിന്റെ കേന്ദ്രമാണ്) പോയി ഉന്നത പഠനം നടത്തിയ പുതിയ മുസ്‌ലിം തലമുറകളെ കൂടി നെഗറ്റീവിറ്റിയുടെ വാർപ്പുമാതൃകകളിലൂടെ വരിഞ്ഞുമുറുക്കുകയും ഇവർ വിവരം കൈയടക്കുന്നതോടെ അപകടകരമായ പ്രവണതകൾ വർധിക്കുകയാണെന്ന് ധ്വനിപ്പിക്കുകയും ചെയ്യുന്നു. അലീഗഢ് മുസ്‌ലിം സർവകലാശാല(കൂടുതൽ ന്യൂനപക്ഷ സമുദായം പഠിക്കുന്ന കലാലയം)യോട് പ്രത്യേക വിരോധം മലയാള സിനിമയിൽ കാണാൻ കഴിയും. *ദൈവനാമത്തിൽ* എന്ന ആര്യാടൻ ശൗക്കത്തിന്റെ സിനിമയിലെ അൻവർ എന്ന കഥാപാത്രവും അലീഗഢിൽ നിന്ന് പഠനം കഴിഞ്ഞെത്തി തീവ്രവാദ ചിന്തയിലേക്ക് നയിക്കപ്പെടുകയും സ്ഫോടന പരമ്പരകൾ നടത്തുകയും ചെയ്യുന്ന വ്യക്തിയാണ്. അലീഗഢിന്റെ സെന്റർ മലപ്പുറത്ത് തുടങ്ങാൻ ഉദ്ദേശിച്ചപ്പോൾ സംഘ്പരിവാർ അതിനെതിരെ ശക്തമായ പ്രക്ഷോഭവുമായി രംഗത്ത് വന്നത് ഇതിനോട് ചേർത്തു വായിക്കുക. ഭീകരവാദത്തിന്റെയും തീവ്രവാദത്തിന്റെയും കേന്ദ്രം മറ്റൊരു തീവ്രവാദ കേന്ദ്രത്തിൽ സ്ഥാപിക്കുന്നത് ദേശവിരുദ്ധ പ്രക്രിയയായിട്ടാണ് അവർ മനസ്സിലാക്കിയത്. മുസ്‌ലിംകളുടെ സാംസ്കാരിക തലസ്ഥാനമായ കോഴിക്കോട്, വ്യാവസായിക തലസ്ഥാനമായ കോയമ്പത്തൂർ തുടങ്ങിയ പ്രദേശങ്ങളോട് മുഖ്യധാരാ സമീപനം സംഘ്പരിവാർ വീക്ഷണത്തെയാണ് ബലപ്പെടുത്തുന്നത്. മുസ്‌ലിംകളുടെ/ദലിതുകളുടെ സ്കോളർഷിപ്പിനോട് പോലും ആളിക്കത്തുന്ന വിരോധമാണ് ഇതിലൂടെ പ്രകടമാവുന്നത്. മുസ്‌ലിംകളുടെ സാംസ്കാരിക, സാമ്പത്തിക, വൈജ്ഞാനിക മൂലധനങ്ങളെ സ്വയം നാശത്തിന്റെ ഹേതുവായാണ് നമ്മുടെ പൊതുബോധം രൂപപ്പെടുത്തുന്നത്. 'പാലേരിമാണിക്യ'ത്തിലെ ഖാലിദ് അഹ്മദിന്റെ കഥാപാത്രത്തിൽ നെഗറ്റീവിറ്റി സന്നിവേശിപ്പിക്കുന്നതിലൂടെ സംഘ്പരിവാർ പ്രക്ഷോഭങ്ങളെ സാധൂകരിക്കുക കൂടി ചെയ്യുന്നുണ്ട്. ലൗ ജിഹാദ് വിവാദവും ഇതിനോട് ചേർത്തു വായിക്കേണ്ടതാണ്.

മൈ നയിം ഈസ് ഖാൻ, പാലേരിമാണിക്യം എന്നീ സിനിമകളിലെ മുസ്‌ലിം സ്കോളർഷിപ്പിനോടും, ആരോഗ്യത്തോടും (ബയോളജിക്കലായി) പുലർത്തിയ സമീപനം തന്നെയാണ് കേരളത്തിൽ ശക്തിപെട്ട് ഇന്ത്യയിൽ ഒട്ടാകെ പടർന്ന മുസ്‌ലിം വംശീയ ഉന്മൂലനത്തിന്റെ ഹോളോകാസ്റ്റായ ലൗ ജിഹാദ് വിവാദത്തിലും ഉണ്ടായിരുന്നത്. എം.ടി അൻസാരിയുടെ 'മലബാർ ദേശീയതയുടെ ഇടപാടുകൾ' എന്ന പുസ്തകത്തിൽ ദലിതനിൽ നിന്നും വിഭിന്നമായി 'മൂലധനം' കൈവശമുള്ള മുസ്‌ലിമിന്റെ പരിണതി തകഴിയുടെ 'ചെമ്മീൻ' എന്ന നോവലിനെ മുൻനിർത്തി പ്രതിപാദിക്കുന്നുണ്ട്. മുസ്‌ലിമിന്റെ മൂലധനം സ്വയം നാശത്തിലേക്കുള്ള വഴിയായിത്തീരുന്നു. സമ്പത്തുള്ള പരീകുട്ടിയുടെ അന്ത്യം ഇങ്ങനെയാണ് സംഭവിക്കുന്നത്. പുതിയ സമ്പദ്‌വ്യവസ്ഥ എന്നത് വിജ്ഞാന സമ്പദ്‌വ്യവസ്ഥയാണ്. വിജ്ഞാനമാണ് അധികാരത്തെ നിർണയിക്കുന്നത്. ഇവിടെ വിജ്ഞാനവും സമ്പത്തും (രണ്ട് കാലങ്ങളിലുള്ള അധികാര നിർണയത്തിന്റെ മാനദണ്ഡങ്ങൾ) പാലേരിമണിക്യം എന്ന സിനിമയിൽ മുസ്‌ലിമിന്റെ നാശത്തിന് കാരണമാകുന്നു. സമ്പദ്‌വ്യവസ്ഥ എന്ന മൂലധനമുള്ള അഹ്മദ് ഹാജിയും വിജ്ഞാന മൂലധനമുള്ള ഖാലിദ് അഹ്മദും സ്വയം നാശം തെരഞ്ഞെടുക്കുന്നു. വിജ്ഞാനത്തിന് മേലുള്ള അധികാരം സവർണ മേൽകോയ്മക്ക് മാത്രം അവകാശപ്പെട്ടിരുന്നിടത്ത് 'നികൃഷ്ടരായ' ജനവിഭാഗങ്ങൾ വർദ്ധിക്കുകയും ജ്ഞാനാധികാരത്തെ ചോദ്യം ചെയ്യുകയും ചെയ്തപ്പോഴാണ് 'ലൗ ജിഹാദ്' ഉടലെടുക്കുന്നത്. മുസ്‌ലിമിന്റെ പ്രണയ(ബയോളജിക്കൽ)ത്തെപ്പോലും അകറ്റി നിർത്തേണ്ട അസാധാരണമായ ഒരിടപാടായിട്ടാണ് ഇതിലൂടെ വ്യക്തമാക്കപ്പെട്ടത്. ജൈവശാസ്ത്രപരമായി ഒരു വിഭാഗത്തെ ഉന്മൂലനം ചെയ്യുക എന്ന നാസിസ്റ്റ് യുക്തിയുടെ സാധൂകരണമാണ് ഇതിലൂടെ നിർവഹിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. റോമിയോ ജിഹാദ്, ലൗജിഹാദ്, ക്ലിനിക്കൽ ജിഹാദ് എന്നിവയിലൂടെയുടെയും നിർവഹിക്കപ്പെട്ടത് സാമൂഹികമായ ഒരു പലേരിമാണിക്യം തന്നെയാണ്. ലൗ ജിഹാദ് മുസ്‌ലിമിനെ 'നല്ല മുസ്‌ലിം' എന്ന കാറ്റഗറിയിൽ നിന്നും മാറ്റിനിർത്താൻ ഉപയോഗിക്കപ്പെട്ടതായിരുന്നു. നല്ല മുസ്‌ലിം, ചീത്ത മുസ്‌ലിം എന്ന് തരംതിരിച്ചതിന് ശേഷം നല്ലവനാകാനുള്ള ശ്രമങ്ങൾ തന്നെയാണ് മുഴുവൻ മുസ്‌ലിംകളും നിർവഹിക്കേണ്ടത് എന്നാണ് പൊതുസ

മൂഹം പ്രഖ്യാപിക്കുന്നത്. മുസ്‌ലിം/ദലിത് എന്നിവരുടെ പ്രണയം, ആരോഗ്യം തുടങ്ങിയ ജൈവാവസ്ഥകളും വിജ്ഞാനം, കഴിവ്, എന്ന അധികാരവസ്ഥകളും ഒരുപോലെ വഹിക്കുന്നത് ഭീകരമായ ഉള്ളടക്കങ്ങളാണ്. ഈ ഭീകരമായ ഉള്ളടക്കങ്ങളെ തേച്ചുമായ്ക്കുന്നതിനാണ് രോഗം, വൈകല്യം, കോമാളി, ദൗർബല്യം തുടങ്ങിയ വാർപ്പുമാതൃകൾ അവരിൽ സന്നിവേശിപ്പിക്കുന്നത്. കൂടുതൽ ആരോഗ്യാവസ്ഥയുള്ള മുസ്‌ലികളെ, അവർ വസിക്കുന്ന സ്ഥലങ്ങളെ (കഴിവ്, വിദ്യാഭ്യാസം...) ശുദ്ധീകരിക്കുകയോ അല്ലെങ്കിൽ ചില വൈകല്യങ്ങൾ ബോധപൂർവമായി നിർമിച്ചെടുക്കാനുമുള്ള ശ്രമങ്ങൾ നടത്തുകയോ ചെയ്യുന്നു. കേരളം ഭീകരവാദികളുടെ ആസ്ഥാനമെന്ന പ്രചാരണം മുസ്‌ലിം ആരോഗ്യാവസ്ഥക്കെതിരെയുള്ള പ്രഖ്യാപനങ്ങളാണ്.

മൈ നയിം ഈസ് ഖാൻ എന്ന സിനിമയിൽ റിസ്‌വാൻഖാൻ എന്ന കഥാപാത്രത്തിനു മേൽ അടിച്ചേൽപ്പിക്കപ്പെട്ട രോഗമാണ് ആസ്പർഗ്രേസ് സിൻഡ്രോം. എങ്കിൽ പോലും നിരന്തരമായ തെളിയിക്കൽ ഇവിടെ നിർവഹിക്കപ്പെട്ടുകൊണ്ടിരിക്കണം. ദേശം, ദേശത്തിന്റെ ആകൃതിയിലുള്ള ശരീര നിർമിതികൾ എന്നിവക്കകത്തുനിന്നും പുറത്ത് കടന്ന ഒരു രൂപമായിട്ടാണ് ഇത്തരം കഥാപാത്രങ്ങളെ മുഖ്യധാരാ കൈകാര്യം ചെയ്യാറുള്ളത്. ശരീരത്തിന്റെ ദേശസാമ്യമായ രൂപങ്ങളല്ലാത്തവയെല്ലാം ഉന്മൂലനം ചെയ്യുക എന്നതായിരുന്നു ഹിറ്റ്ലറിന്റെ രീതി. മുസ്‌ലിമിന്റെ രോഗം, വിഭ്രാന്തി, പൊട്ടിത്തെറി എന്നിവ എങ്ങനെയാണ് ദേശവിരുദ്ധമായതെന്ന് 'മലബാർ ദേശീയതയുടെ ഇടപാടുക'ളിൽ എം.ടി അൻസാരി സൂചിപ്പിക്കുന്നുണ്ട്. സമരങ്ങൾ, പോരാട്ടങ്ങൾ, ഭരണം തുടങ്ങിയവയൊന്നും നോർമലായ ഒരു മുസ്‌ലിമിനും സ്വാഭാവികമായും ഏറ്റെടുക്കാൻ സാധിക്കുകയില്ല. കഴിവ് കുറഞ്ഞവരും കോമാളികളുമായിട്ടാണ് പൊതുസമൂഹം ഇവരെ വിലയിരുത്തുന്നത്. *"മാപ്പിളമാർ ദുരിതപൂർണമായ സാമൂഹിക സാമ്പത്തിക സാഹചര്യങ്ങളുടെ ഭാരവും പേറി, ഇന്ത്യയിലെ ജനങ്ങൾക്കിടയിൽ സ്പർധ സൃഷ്ടിച്ചതിന്, ദേശത്തെ വിഭജിക്കുന്നതിനുതന്നെ, കുറ്റവാളികളായി ചിത്രീകരിക്കപ്പെട്ട്, സമുദായത്തെക്കുറിച്ചുള്ള അവരുടെ ധാരണ തന്നെ 'വർഗ്ഗീയത'യായി മുദ്രയടിക്കപ്പെട്ട്, സംസാരം/ആഖ്യാനം നിറവേറ്റാനുള്ള ഒരു അവസ്ഥയിലേ ആയിരുന്നില്ല. അവരെ നീതീകരിക്കുന്ന ഒരു യുക്തിയും ഉണ്ടായിരുന്നില്ല, വിശേഷിച്ചും ദേശീയ പുനർനിർമാണത്തിന്റെ നെഹ്റുവിയൻ കാലഘട്ടത്തിൽ. ഏകീകൃതമായ രാഷ്ട്രത്തിന് ഭീഷണിയുയർത്തിക്കൊണ്ടല്ലാതെ തങ്ങളുടെ ജീവിതങ്ങൾ കരുപ്പിടിപ്പിക്കുവാൻ ഒരുപക്ഷേ, ഇപ്പോൾ പോലും മാപ്പിളമാർക്ക് കഴിയില്ല. അവരെ അതുകൊണ്ട് ന്യൂന-പ്രജകൾ (Minus Subjects) ആയി വിവരിക്കാം, സാധാരണ പൗരൻമാർ (Normal Citizens) ആയി പരിഭാഷപ്പെടുത്തേണ്ടവരായി, സ്വതേഭംശ്രം സംഭവിച്ചവരും (Orginarily Aberrant) അതുകൊണ്ട് ഒരിക്കലും സ്വാഭാവിക/സാധാരണ ഇന്ത്യാക്കാരല്ലാതെയും" (എം.ടി അൻസാരി).*

അവരുടെ ആരോഗ്യമായ അവസ്ഥകളെ, രാഷ്ട്രീയമായ ഉള്ളടക്കങ്ങളെ ചീത്തയാരോപിച്ച് മാറ്റി നിർത്താനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ചെങ്ങറ സമരം പരാജയപ്പെടാൻ കാരണം ളാഹാ ഗോപാലന്റെ 'കഴിവുകേടും' 'അശ്രദ്ധയും' എന്നാണ് ആരോപിക്കപ്പെട്ടത്. ആധിപത്യപരമായ ഭീകരയുക്തികളാണ് മുസ്‌ലിം/ദലിത് സമൂഹത്തെ മെരുക്കിയെടുക്കുക എന്ന കർത്തവ്യം നിർവഹിച്ചുകൊണ്ടിരിക്കുന്നത്. ചുരുക്കത്തിൽ ഷാറൂഖ് തന്നെ നിർമിച്ച സിനിമ ബാൽതാക്കറെയുടെ യുക്തിയെയാണ് അബോധമായിട്ടെങ്കിലും പിന്താങ്ങുന്നത്. ■

shihabpktrsio@gmail.com